പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1708 14/07/2016 -ൽ മറുപടിയ്ക്ക്

**ശബരിമല സന്നിധാനത്തിലെ 'സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.വി.എസ്.അച്ചുതാനന്ദൻ**<br>**ശ്രീമതി യു. പ്രതിഭാ ഹരി**<br>**ശ്രീ.എം. രാജഗോപാലൻ**<br>**ശ്രീ. ഒ. ആർ. കേളു** | ശ്രീ. കടകംപള്ളി സുരേന്ദ്രൻ,<br>ബഹു. ഊർജ്ജവും ദേവസ്വവും<br>വകുപ്പു മന്ത്രി. |
| എ) **ശബരിമല മാസ്റ്റർപ്ലാനിൽ ഉൾപ്പെട്ട സന്നിധാനത്തിലെ 'സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് (എസ് ടി പി) പരാജയമാകാനുണ്ടായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;** | എ) ശബരിമല മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ട സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് (എസ്.ടി.പി.) പരാജയമായി കാണുന്നില്ല. പ്ലാന്റിന്റെ പ്രവർത്തനം കഴിഞ്ഞ ശബരിമല സീസണിനു മുൻപ് ആരംഭിച്ചിരുന്നുവെങ്കിലും പൂർണ്ണ തോതിലുള്ള മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തുവാൻ കഴിഞ്ഞിരുന്നില്ല. പ്രതിദിനം അഞ്ചു ദശലക്ഷം ലിറ്റർ മാലിന്യം സംസ്കരിയ്ക്കുവാൻ ശേഷിയുള്ള ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് നിർമ്മാണം പൂർത്തിയാക്കിയ ഈ പദ്ധതി സംസ്ഥാനത്തെ ആദ്യ പദ്ധതിയാണ്. വിവിധ ഘട്ടങ്ങളായി നിർവ്വഹിക്കപ്പെടേണ്ട ഓക്സിജൻ ആവശ്യമുള്ളതും ഓക്സിജൻ ആവശ്യമില്ലാത്തതുമായ നിരവധി പ്രവർത്തനങ്ങൾ പൂർത്തിയാക്കണമെങ്കിൽ കൂടുതൽ സമയവും ആവശ്യമായ മാലിന്യവും ലഭ്യമാക്കേണ്ടതുണ്ട്. സംസ്ഥാന മലീനികരണ നിയന്ത്രണ ബോർഡിന്റേയും നാഷണൽ എൻവയൺമെന്റൽ എഞ്ചിനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ടിലെ വിദഗ്ദ്ധരായ ശാസ്ത്രജ്ഞൻമാരുടേയും കേരള സർക്കാരിന്റെ ചീഫ് ടെക്നിക്കൽ എക്സാമിനറുടേയും പരിശോധനയിൽ പ്ലാന്റിന്റെ നിർമ്മാണത്തിൽ എന്തെങ്കിലും പോരായ്മയുള്ളതായി ചൂണ്ടിക്കാണിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| ബി) | കരാർ വ്യവസ്ഥാ പ്രകാരമുള്ള സ്ഥാപിത ശേഷി പ്ലാന്റിന് ഇല്ലാത്തതും യന്ത്ര സാമഗ്രികളുടെ ഗുണനിലവാരമില്ലായ്മയും, കരാർ വ്യവസ്ഥയുടെ ലംഘനവുമാണ് പ്രസ്തുത പ്ലാന്റിന്റെ പ്രവർത്തനം നിശ്ചലമാക്കാൻ കാരണമായതെന്ന ആരോപണം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | ബി) | കരാർ വ്യവസ്ഥയനുസരിച്ചുള്ള സ്ഥാപിത ശേഷിയായ പ്രതിദിനം അഞ്ചു ദശലക്ഷം ലിറ്റർ മാലിന്യ സംസ്കരണ ശേഷി ഈ പ്ലാന്റിനുണ്ട്. യന്ത്ര സാമഗ്രികൾക്ക് ഗുണ നിലവാരമില്ലായെന്നോ കരാർ വ്യവസ്ഥകളുടെ ലംഘനം ഉണ്ടായിട്ടുള്ളതായോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) | ഏങ്കിൽ ഇതു സംബന്ധിച്ച് സമഗ്രമായ അന്വേഷണത്തിന് നടപടി സ്വീകരിക്കുമോ? | സി) | പരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ ഉചിതമായ അന്വേഷണം നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ